# ഇമാം മുജാഹിദ് (رحمه الله)

താബിഉകളിൽ ഏറ്റവും പ്രമുഖനായ ഇമാം മുജാഹിദി(﵀)ന്റെ മുഴുവൻ പേര്: അബുൽ ഹജ്ജാജ് മുജാഹിദ് ഇബ്നു ജബ്ർ അൽ മഖ്സൂമി അൽ മക്കി.

ജനനം: ഹി. 20 (ഉമറി(﵁)ന്റെ ഭരണകാലത്ത്)

ഗുരുനാഥന്മാർ: അദ്ദേഹം താഴെ പറയുന്ന പ്രമുഖരായ സ്വഹാബികൾ നിന്ന് ഹദീഥ് പഠിച്ചു:

- സഅ്ദ് ഇബ്നു അബീ വക്വാസ്(﵁)
- ഉമ്മുൽ മുഅ്മിനീൻ ആഇശ(﵂)
- അബൂ ഹുറയ്റ(﵁)
- ഉമ്മു ഹാനീ(﵂)
- അബ്ദുല്ലാഹിബ്നു ഉമർ(﵁)
- അബ്ദുല്ലാഹിബ്നു അബ്ബാസ്(﵁)

പ്രമുഖ ശിഷ്യന്മാർ:

- ക്വതാദ(﵀)
- ഹകം ഇബ്നു ഉതൈബ(﵀)
- അംറുബ്നു ദീനാർ(﵀)
- അഅ്മശ്(﵀)
- മൻസൂർ അയ്യൂബ്(﵀)
- ഇബ്നു ഔൻ(﵀)
- ഉമറുബനു ദർറ്(﵀)

ക്വതാദ(﵀) പറഞ്ഞു:
“ഇന്ന് ജീവിച്ചിരിക്കുന്നവരിൽ, ക്വുർആൻ വ്യാഖ്യാനത്തിന്റെ വിഷയത്തിൽ ഏറ്റവുമധികം പാണ്ഡിത്യമുള്ളത് മുജാഹിദി(﵀)നാണ്.”

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ (﵀) പറഞ്ഞു:
“ഇബ്നു അബ്ബാസിൽ നിന്നാണ് മുജാഹിദ്(﵀) ക്വുർആൻ പഠിച്ചത്. ഓരോ ആയത്തിലും നിറുത്തി, അതിനെ കുറിച്ച് ഇബ്നു അബ്ബാസിനോട് ചോദിച്ച് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മുഴുവൻ കുറിച്ചെടുത്തു കൊണ്ടായിരുന്നു മുജാഹിദിന്റെ പഠനം. അതു കൊണ്ടാണ് (സുഫ്യാനു) ഥൗരി(﵀) പറഞ്ഞത്,

"മുജാഹിദിൽ നിന്നു നിനക്ക് തഫ്സീർ ലഭിച്ചെങ്കിൽ, അതു തന്നെ മതി." ഈ ഒരു കാരണം കൊണ്ടു തന്നെയാണ് ഇമാം ശാഫിഈയും ഇമാം ബുഖാരിയും മുജാഹിദിന്റെ വ്യാഖ്യാനങ്ങളെ ആശ്രയിച്ചത്. മാത്രമല്ല, ക്വുർആൻ വ്യാഖ്യാനിക്കുമ്പോൾ, ഇമാം അഹ്മദിനെ പോലെയുള്ളവർ മറ്റേതൊരാളുടെ വാക്കിനേക്കാളുമധികം മുജാഹിദിന്റെ വാക്കാണ് ഉദ്ധരിക്കാറുള്ളത്."

ഇമാം ദഹബി(رحمه الله) പറഞ്ഞു:

"മുജാഹിദിന്റെ മഹത്വത്തിന്റെ വിഷയത്തിലും അദ്ദേഹത്തിന്റെ വാക്കുകൾ തെളിവിനുപയോഗിക്കുന്ന വിഷയത്തിലും മുഴുവൻ ഉമ്മത്തിന്റെയും ഏകോപനമുണ്ട്. '*കുതുബുസ്സിത്ത*'യുടെ കർത്താക്കൾ അദ്ദേഹത്തിൽ നിന്നും ഹദീഥുകൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്."

ഇബ്നു കഥീർ(رحمه الله) പറഞ്ഞു:

"ഖുർആനിലും സുന്നത്തിലും വ്യാഖ്യാനം കണ്ടെത്തിയില്ല. സഹാബികളിൽ നിന്നും ലഭിച്ചില്ല. എന്നാലോ? ഈ അവസരത്തിൽ അധിക ഇമാമുകളും (പണ്ഡിത നേതാക്കളും) താബിഉകളുടെ പ്രസ്താവനകളിലേക്കാണു മടങ്ങാറുള്ളത്. താബിഉകളിൽ ഏറ്റവും പ്രധാനിയായ മഹാനാണ് മുജാഹിദ് (رحمه الله). അദ്ദേഹം ഖുർആൻ വ്യാഖ്യാനത്തിൽ ഒരു ദൃഷ്ടാന്തം തന്നെയാകുന്നു. മുഹമ്മദുബ്നു ഇസ്ഹാഖ്(رحمه الله) പറഞ്ഞതുപോലെ, മുസ്ഹഫിന്റെ ആദ്യം മുതൽ അവസാനംവരെ ഓരോ ആയത്തിങ്കലും നിറുത്തി അതിനെപ്പറ്റി ചോദിച്ചറിഞ്ഞുകൊണ്ട് ഇബ്നു അബ്ബാസ്(رضي الله عنه)ന്റെ അടുക്കൽനിന്നു മൂന്നു പ്രാവശ്യം ഖുർആൻ പരിശോധന നടത്തിയ ആളാണ് മുജാഹിദ്(رحمه الله). ഇബ്നു അബ്ബാസ്(رضي الله عنه)ൽനിന്നു ഇദ്ദേഹം ഖുർആൻ വ്യാഖ്യാനം പഠിച്ചു എഴുതിയെടുത്തിരുന്നതായി ഇബ്നു അബീമുലൈക(رحمه الله)യും പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടാണ് 'മുജാഹിദിൽനിന്നു നിനക്കു തഫ്സീർ ലഭിച്ചാൽ അതു തന്നെ മതി' എന്ന് സുഫ്യാൻ ഥൗരി(رحمه الله) പറയാറുണ്ടായിരുന്നതും."

മരണം: ഹി. 103

(സമ്പാദനം: സലഫീവോയ്സ് ടീം)